സംസ്ഥാനത്ത് മഹിളാപ്രധാൻ ഏജന്റുമാരായി ജോലി ചെയ്യുന്നവർ

18 [3880] *ശ്രീ. സാജു പോൾ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മഹിളാപ്രധാൻ ഏജന്റുമാരായി എത്രപേർ ജോലി ചെയ്യുന്നുവെന്ന് ജില്ലതിരിച്ചുള്ള വിവരം അറിയിക്കുമോ;

(ബി) പ്രസ്തുത ആളുകൾ ശേഖരിച്ച നിക്ഷേപം എത്രയാണ്;

(സി) പ്രസ്തുത ഏജന്റുമാർ വഴി പ്രതിമാസം ശരാശരി എത്ര രൂപ നിക്ഷേപം ലഭിക്കുന്നുണ്ട്;

(ഡി) പോസ്റ്റ് ആഫീസുകളിൽ രജിസ്റ്ററുകളും മറ്റും സൂക്ഷിക്കുന്നതിൽ കാലതാമസം വരുന്നുണ്ടോ;

(ഇ) പോസ്റ്റൽ ജീവനക്കാർക്ക് ജോലി ഭാരം പരിഗണിച്ച് നിക്ഷേപത്തിന് ആനുപാതികമായി ഇൻസെന്റീവ് നൽകാൻ തയ്യാറാകുമോ;

(എഫ്) പുതിയ അപേക്ഷകർക്ക് ഏജൻസി നൽകാത്തത് എന്തുകൊണ്ടാണ്; ഇത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് മഹിളാ പ്രധാൻ ഏജന്റുമാരായി ജോലി ചെയ്യുന്നവരുടെ ജില്ലതിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

ജില്ല	*മഹിളാപ്രധാൻ ഏജന്റുമാരുടെ എണ്ണം*
തിരുവനന്തപുരം	1200
കൊല്ലം	958
പത്തനംതിട്ട	970
ആലപ്പുഴ	890
കോട്ടയം	836
ഇടുക്കി	227
എറണാകുളം	1129
തൃശൂർ	955
പാലക്കാട്	545
മലപ്പുറം	639
കോഴിക്കോട്	976
വയനാട്	152
കണ്ണൂർ	1079
കാസർഗോഡ്	308
ആകെ	10814

LIBRARY ARCHIVES Kerala Legislative Assembly

(ബി) 2003-2004 സാമ്പത്തിക വർഷത്തിൽ മഹിളാപ്രധാൻ ഏജന്റുമാർ ശേഖരിച്ച് നിക്ഷേപം ഏകദേശം 1250 കോടി രൂപയാണ്.

(സി) പ്രതിമാസ ശരാശരി 120 കോടി രൂപ (2004-2005) നിക്ഷേപം വരിക്കുന്നുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) പോസ്റ്റൽ ജീവനക്കാർക്ക് കുറെ വർഷങ്ങളായി സംസ്ഥാന സർക്കാർ ഇൻസെന്റീവ് നൽകിവരുന്നുണ്ട്.

(എഫ്) ഏജൻസി വ്യവസ്ഥകളിൽ ചില മാറ്റങ്ങൾ വരുത്തേണ്ടിയിരിക്കുന്നതുകൊണ്ട് തത്കാലത്തേയ്ക്ക് മാത്രമാണ് പുതിയ ഏജന്റുമാരുടെ നിയമനം നിർത്തിയിട്ടുള്ളത്.

പാക്കിംഗ് ആന്റ് കമ്മോഡിറ്റീസ് ആക്ടിൽ ഭേദഗതി വരുത്താൻ നടപടി

19 [3881] *ശ്രീ. വി. കെ. സി. മമ്മത്കോയ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാക്കിംഗ് ആന്റ് കമ്മോഡിറ്റീസ് ആക്ട് പ്രകാരം ഉൽപന്നങ്ങളിൽ നികുതി ഉൾപ്പെടയുള്ള വില രേഖപ്പെടുത്തണമെന്ന് നിലവിൽ നിഷ്ക്കർഷിച്ചിരിക്കുന്നത്, വാറ്റ് നടപ്പാകുന്നതോടെ എല്ലാ വിൽപനയിലും നികുതി ചുമത്തപ്പെടുന്നതിനാൽ നികുതി ഉൾപ്പെടെയുള്ള വില ഉൽപന്നങ്ങളിൽ രേഖപ്പെടുത്താൻ സാധിക്കാതെ വരുമെന്ന വസ്തുത സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ബി) എല്ലാ വില്പനയിലും നികുതി ചുമത്തപ്പെടുന്നത് പാക്കിംഗ് ആന്റ് കമ്മോഡിറ്റീസ് ആക്ടിന്റ ലംഘനമാകുകയും കച്ചവടക്കാർ പീഡിപ്പിക്കപ്പെടാനും സാദ്ധ്യതയുള്ള കാര്യം വിലയിരുത്തിയിട്ടുണ്ടോ;

(സി) പ്രസ്തുത നിയമത്തിൽ ആവശ്യമായ ഭേദഗതി വരുത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സ്വീകരിക്കുമോ?

ഉത്തരം

(എ) പാക്കിംഗ് ആന്റ് കമ്മോഡിറ്റീസ് ആക്ട് പ്രകാരമാണ് ഉൽപന്നങ്ങളിൽ നികുതി ഉൾപ്പെടയുള്ള വില രേഖപ്പെടുത്തേണ്ടത്. അതുകൊണ്ടുതന്നെ നടപടികൾ ഈ വകുപ്പിനെ സംബന്ധിക്കുന്നവയല്ല. വസ്തുവിന്റെ മൂല്യത്തിൽ ഉൾപ്പെടുത്താതെ, നികുതി സുതാര്യമായി വേറെ തന്നെ കാണിക്കുന്ന തരത്തിലാണ് വാറ്റ് നിയമത്തിൽ ഇൻവോയിസ് രൂപകൽപന ചെയ്തിട്ടുള്ളത്.

(ബി) വാറ്റ് നിയമവും പാക്കിംഗ് ആന്റ് കമ്മോഡിറ്റീസ് ആക്ടും രണ്ട് വ്യത്യസ്തമായ നിയമങ്ങളാണെങ്കിലും ഭരണഘടനാനുസൃതമായി മാത്രമേ ഏതൊരു നിയമവും നടപ്പിലാക്കുവാൻ സാധിക്കുകയുള്ളൂ എന്നതിനാൽ ഒരു നിയമത്തിന്റെ പാലനം മറ്റൊരു നിയമത്തിന്റെ ലംഘനമാകുന്ന അവസ്ഥാവിശേഷം സൃഷ്ടിക്കപ്പെ

LIBRARY ARCHIVES Kerala Legislative Assembly